# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 19.03.2018-ൽ മറുപടിക്ക്

ചോദ്യം നം. 4021

## മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തെ കടലാക്രമണത്തെ ചെറുത്ത് തീരദേശവാസികളെ സംരക്ഷിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽ ഉൾപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. കടലാക്രമണ ഭീഷണി നേരിടുന്ന കടൽത്തീരത്ത് നിന്ന് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 150 കോടി രൂപ 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിട്ടു ണ്ട്.<br><br>തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കു മെന്ന് 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടു ണ്ട്. തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെ കൊ ണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്രമായ പാക്കേജ് തയ്യാറാക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം കൂടി പരിഗണിച്ച് അന്തർദ്ദേശീയ നിലവാരത്തിലുള്ള ഡി.പി.ആർ തയ്യാറാക്കേണ്ടതു ണ്ടെന്നും അതിന് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയുടെ പരിരക്ഷ 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടു ണ്ട്. വർദ്ധിപ്പിച്ച ആനുകൂല്യത്തോടു കൂടിയുള്ള ഇൻഷുറൻസിന്റെ പരിരക്ഷ 17/12/17 മുതൽ 16/12/2018 വരെയുള്ളതാണ്. മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകട മരണം, അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 10 ലക്ഷം രൂപ നഷ്ട പരിഹാരം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതാണ്.<br>കൂടാതെ മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതക്ക് 5 ലക്ഷം രൂപ ധനസഹായം, 24 മണിക്കൂറിൽ കൂടുതലുള്ള ആശുപത്രിയിലെ കിടത്തി ചികിത്സക്ക് 25,000/- രൂപ എന്നീ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. ഇതു കൂടാതെ കേന്ദ്ര പദ്ധതിയായ ആം ആദ്മി ബീമാ യോജന പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന എൽ.ഐ.സി യുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്. അപകട മരണത്തിന് 75,000/- രൂപയും സ്വാഭാവിക മരണത്തിന് 30,000/- രൂപയുമാണ് നിലവിൽ നൽകി വരുന്നത്. മത്സ്യബോർഡ് ലേബർ വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ആം ആദ്മി ഭീമാ യോജന പദ്ധതി PMJJBY, PMSBY എന്നീ കേന്ദ്ര പദ്ധതികളുമായി യോജിപ്പിച്ച് സംയോജിത PMJJBY എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു |
| (സി) | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. മത്സ്യത്തൊഴിലാളികളിൽ നിന്നും 6 ഗഡുക്കളായി 250/- രൂപ വീതം മൊത്തം 1500/- രൂപ ശേഖരിക്കുകയും തുല്യ അനുപാതത്തിലുള്ള സംസ്ഥാന വിഹിതവും, കേന്ദ്ര വിഹിതവും ചേർത്ത് 4500/- രൂപ പഞ്ഞ മാസങ്ങളിൽ (മെയ്, ജൂൺ, ജൂലായ് (മറൈൻ), ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ (ഇൻലാന്റ്) ) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) ആയി ക്രെഡിറ്റ് ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. 2016-17 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി മുഴുവൻ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ആനുകൂല്യം വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 55,95,29,500/-രൂപ അനുവദിച്ചു. ഇതിൽ 27,97,64,750/- രൂപ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതാണ്,<br>എന്നാൽ കേന്ദ്ര വിഹിതം ലഭ്യമായില്ല. 2017-18 സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം ജില്ലകളിൽ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ